പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **09/07/2015 ൽ**

**നിയമസഭാ ചോദ്യം നം. 2542** **മറുപടിയ്ക്ക്**

## സാങ്കേതിക സർവ്വകലാശാല

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. എ. മാധവൻ | ശ്രീ. പി. കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ആരംഭിക്കുന്ന പുതിയ സാങ്കേതിക സർവ്വകലാശാല എന്നു മുതൽ പ്രവർത്തനം ആരംഭിക്കുമെന്ന് അറിയിക്കാമോ; ഇതിനായി എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചുവെന്ന് അറിയിക്കാമോ; | (എ) കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാല 2014 സെപ്റ്റംബർ മാസം വൈസ് ചാൻസലറും, പ്രൊ വൈസ് ചാൻസലറും ചുമതലയേറ്റതോടു കൂടി പ്രവർത്തനം ആരംഭിച്ചു. തുടർന്ന് രജിസ്ട്രാറും, കൺട്രോളർ ഓഫ് എക്സാമിനേഷൻസും നിയമിതരായി. |
| (ബി) സംസ്ഥാനത്തെ എല്ലാ എഞ്ചിനീയറിംഗ് കോളേജുകളും സർവ്വ കലാശാലയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ ; | (ബി) മറ്റു സർവ്വകലാശാലകൾ നേരിട്ടു നടത്തുന്നവയല്ലാത്തതും എ. ഐ. സി. ടി. ഇ, സർക്കാർ എന്നിവയുടെ അംഗീകാരമുള്ളതുമായ എം. ടെക്, ബി. ടെക് കോഴ്സുകൾ നടത്തുന്ന എല്ലാ എഞ്ചിനീയറിംഗ് കോളേജുകളും സർവ്വകലാശാലയോട് പ്രൊവിഷണലായി അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. |
| (സി സാങ്കേതിക സർവ്വകലാശാല നിലവിൽ വരുമ്പോൾ സംസ്ഥാനത്ത് ഏകീകൃതമായ സിലബസ്സും പരീക്ഷാ സമ്പ്രദായവുമാണോ നിലവിൽ വരുന്നതെന്ന് അറിയിക്കാമോ; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ; | (സി) ബി.ടെക് കോഴ്സിന് യു. ജി.സി മാനദണ്ഡ പ്രകാരം ക്രഡിറ്റ് ബെയ്സ്ഡ് സിലബസ്സാണ് സർവ്വകലാശാല വിഭാവനം ചെയ്തിരിക്കുന്നത്. ഇതു പ്രകാരം സംസ്ഥാനത്ത് ഏകീകൃതമായ സിലബസ്സും പരീക്ഷാ സമ്പ്രദായവുമാണ് നിലവിൽ വരുന്നത്. എം. ടെക് കോഴ്സുകൾ അക്കാദമിക സ്വയം |

ഭരണത്തോടുകൂടിയ 10 ക്ലസ്റ്ററുകളിലായാണ് നടത്തുവാൻ വിഭാവനം ചെയ്തിരിക്കുന്നത്. ഓരോ ക്ലസ്റ്ററും ഒരു ചെയർമാന്റേയും കൺവീനറുടേയും നേതൃത്വത്തിൽ പ്രത്യേകം സിലബസ് അനുസരിച്ചാണ് നടത്തുന്നത്. പരീക്ഷ സമ്പ്രദായം എല്ലാ ക്ലസ്റ്ററിനും ഏകീകൃതമായിരിക്കും.

(ഡി) പ്രസ്തുത സർവ്വകലാശാലയിലേയ്ക്ക് ജിവനക്കാരുടെ നിയമനങ്ങൾ സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ ?

(ഡി) സർവ്വകലാശാലയിലെ ജീവനക്കാരുടെ നിയമനത്തിനായി തസ്തിക നിർണ്ണയം സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ